2024
APRIL
04
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## കടലാക്രമണത്തിന് സാധ്യത; 7 ജില്ലകളിൽ മഴ മുന്നറിയിപ്പ്



**തിരുവനന്തപുരം:** കനത്ത ചൂടിൽ ആശ്വാസമായി വിവിധ ജില്ലകളിൽ ഇന്നും വേനൽ മഴ ലഭിക്കും. ഏറ്റവും പുതിയ മഴ മുന്നറിയിപ്പ് പ്രകാരം കേരളത്തിലെ 7 ജില്ലകളിൽ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം വെള്ളി, ശനി ദിവസങ്ങളിൽ സംസ്ഥാനത്ത് പ്രത്യേക മഴ മുന്നറിയിപ്പുകൾ നൽകിയിട്ടില്ല.

അതേസമയം മഴ മുന്നറിയിപ്പിന് പിന്നാലെ ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് ഉയർന്ന തിരമാല ജാഗ്രത മുന്നറിയിപ്പും നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസം തുടരുന്നതിൻറെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 0.5 മുതൽ 1.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും, വേഗത സെക്കൻഡിൽ 20 സെ.മീറ്ററിനും 40 സെ.മീറ്ററിനും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ 0.5 മുതൽ 1.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. തീരദേശവാസികളും മത്സ്യ തൊഴിലാളികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇതോടൊപ്പം സംസ്ഥാനത്ത് കൊടുംചൂടിനു കുറവുണ്ടാകില്ലെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. 11 ജില്ലകളിൽ ഞായറാഴ്ച വരെ യെലോ അലർട്ട് പ്രഖ്യാപിച്ചു. കൊല്ലം, പാലക്കാട്, കോഴിക്കോട്, പത്തനംതിട്ട, ആലപ്പുഴ, കണ്ണൂർ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സാധാരണയേക്കാൾ 4 ഡിഗ്രി വരെ ചൂട് ഉയരുമെന്നാണ് മുന്നറിയിപ്പുള്ളത്

# സ്വർണവില കുതിക്കുന്നു; പവന് 51,280 രൂപ

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 6410 രൂപയും പവന് 51,280 രൂപയുമാണ് നിലവിലെ വിപണിവില. ഇതുവരെയുള്ള റെക്കോർഡ് വിലയാണിത്. ഒറ്റദിവസം ഗ്രാമിന് 75 രൂപയും പവന് 600 രൂപയുമാണ് വർധിച്ചത്. അന്താരാഷ്ട്ര വിപണിയിൽ വില ഉയർന്നത് സംസ്ഥാനത്തെ സ്വർണവിലയിലും പ്രതിഫലിക്കുകയായിരുന്നു. ഉപഭോക്താക്കൾക്ക് ഒരു പവൻ സ്വർണം വാങ്ങാൻ ഏറ്റവും കുറഞ്ഞ പണിക്കൂലിയിൽ



56,000 രൂപ നൽകേണ്ടിവരും.

രാജ്യാന്തര സ്വർണവില 2285 ഡോളറും ഇന്ത്യൻ രൂപയുടെ വിനിമയ നിരക്ക് നിലവിൽ 83.38ലും ആണ്. 24 കാരറ്റ് സ്വർണക്കട്ടിക്ക് ബാങ്ക് നിരക്ക് കിലോഗ്രാമിന് 72 ലക്ഷം രൂപയായി. വെള്ളിയുടെ വിലയും ഉയർന്നിട്ടുണ്ട്. ഒരു ഗ്രാം സാധാരണ വെള്ളിയുടെ വില 84 രൂപയാണ്. ഹാൾമാർക്ക് വെള്ളിയുടെ വിലയിൽ മാറ്റമില്ല. വിപണി നിരക്ക് 103 രൂപയാണ്. രാജ്യാന്തര സ്വർണവില ഈ നിലയിൽ വർധിച്ചാൽ 2300 ഡോളറും കടന്ന് മുന്നോട്ടുപോകാനുള്ള സാധ്യതയുണ്ടെന്ന് വിദഗ്ധർ വിലയിരുത്തുന്നു.

## തകർന്നടിഞ്ഞ് പടുകൂറ്റൻ കെട്ടിടങ്ങൾ, തയ്!വാനെ നടുക്കി ഭൂചലനം

**തായ്പേയ്:** പൂർവേഷ്യൻ രാജ്യമായ തയ്‌വാനിൽ 25 വർഷത്തിനിടെയുണ്ടായ ശക്തിയേറിയ ഭൂചലനം വൻ നാശനഷ്ടമാണ് വിതച്ചത്. ഇതുവരെ 7 മരണമാണ് സ്ഥിരീകരിച്ചതെങ്കിലും തകർന്നു വീണ ബഹുനില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ആളുകൾ കുടുങ്ങിയത് ആശങ്ക ഉയർത്തുന്നുണ്ട്. 60ലേറെ പേർക്ക് പരുക്കേറ്റു. തലസ്ഥാന നഗരമായ തായ്പേയ് സിറ്റിയിൽനിന്ന് പുറത്തുവരുന്ന ദൃശ്യങ്ങൾ ദുരന്ത വ്യാപ്തി കൂടാമെന്ന സൂചനയാണ് നൽകുന്നത്.

വരും മണിക്കൂറുകളിൽ തുടർ ചലനങ്ങളുണ്ടാകുമെന്ന് അധികൃതർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. 1999ൽ 2400 പേരുടെ മരണത്തിനിടയാക്കിയ 7.6 തീവ്രതയുള്ള ഭൂചലനത്തിനു ശേഷം ഇത്ര ശക്തമായ പ്രകമ്പനം ആദ്യമായാണ് ഉണ്ടാകുന്നത്. നിരവധി ബഹുനില കെട്ടിടങ്ങൾ നിലം പൊത്തിയതോടെ തായ്പേയ് സിറ്റിയിൽ പൊടിപടലം നിറഞ്ഞിരിക്കുകയാണ്. 7.4 തീവ്രതയുള്ള ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ തയ്‌വാനിലും ജപ്പാന്റെ ദക്ഷിണമേഖലയിലും ഫിലിപ്പീൻസിലും സൂനാമി മുന്നറിയിപ്പുമുണ്ട്. ദുരന്തത്തിൽ നാലു പേർ മരിച്ചത് മണ്ണിടിച്ചിലിനെ തുടർന്ന് ആണെന്നാണ് വിവരം. മലകയറാൻ പോയ മൂന്നുപേർ, തെറിച്ചുവന്ന പാറക്കല്ലുകൾ ഇടിച്ചു മരിക്കുകയായിരുന്നു. ഇതുവഴി പോവുകയായിരുന്ന ട്രക്ക് ഡ്രൈവറാണ് മരിച്ച നാലാമത്തെയാൾ.

# ഇത്തവണയും പലിശ കുറച്ചേക്കില്ല

**കൊച്ചി:** വെള്ളിയാഴ്ച പ്രഖ്യാപിക്കുന്ന റിസർവ് ബാങ്കിൻറെ ധന അവലോകന നയത്തിൽ പലിശ നിരക്കിൽ മാറ്റം വരുത്താൻ ഇടയില്ല. രാജ്യത്തെ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമായ നാണയപ്പെരുപ്പം ലക്ഷ്യമിടുന്ന നാല് ശതമാനത്തിനടുത്താണെങ്കിലും തിരക്കിട്ട് പലിശ കുറയ്ക്കാൻ തിടുക്കം വേണ്ടെന്നാണ് റിസർവ് ബാങ്കിൻറെ ആലോചന.


പൊതുതെരഞ്ഞെടുപ്പ് പടിവാതിക്കൽ നിൽക്കുന്നതിനാൽ വിലക്കയറ്റം രൂക്ഷമാകുന്ന യാതൊരു നടപടികൾക്കും റിസർവ് ബാങ്ക് തയാറെടുക്കില്ലെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. റഷ്യയിലെയും പശ്ചിമേഷ്യയിലെയും രാഷ്ട്രീയ സംഘർഷങ്ങൾ രൂക്ഷമായതിനാൽ ക്രൂഡ് ഓയിൽ വില കുതിച്ചുയരാനുള്ള സാധ്യതയാണ് പ്രധാന വെല്ലുവിളി. നിലവിൽ രാജ്യാന്തര വിപണിയിൽ എണ്ണ വില ബാരലിന് 87 ഡോളറിനടുത്താണ്. ചെങ്കടലിലെ പ്രശ്നങ്ങളും ഇന്ധന വില കൂടാനുള്ള സാധ്യതയാണ് സൃഷ്ടിക്കുന്നത്.

സെപ്റ്റംബർ മുതൽ ഡിസബർ വരെയുള്ള കാലയളവിൽ 8.4 ശതമാനം വളർച്ച നേടിയതിനാൽ പലിശ കുറയ്ക്കാൻ സമയമായിട്ടില്ലെന്നാണ് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത് ദാസിൻറെ നിലപാട്. ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസത്തിലും വളർച്ചാ നിരക്ക് എട്ട് ശതമാനത്തിന് അടുത്താകുമെന്നും വിലയിരുത്തുന്നു. നിലവിൽ റിസർവ് ബാങ്കിൽ നിന്നും വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പയുടെ പലിശയായ റിപ്പോ നിരക്ക് 6.5 ശതമാനമാണ്. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ അര ശതമാനം വർധന വരുത്തിയതിന് ശേഷം റിസർവ് ബാങ്ക് മുഖ്യ നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല.



അതേസമയം വികസിത രാജ്യങ്ങളായ അമെരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ കേന്ദ്ര ബാങ്കുകൾ അടുത്ത മാസങ്ങളിൽ മുഖ്യ പലിശ നിരക്ക് കുറച്ചേക്കും.

ഈ വർഷം സെപ്റ്റംബറിന് മുൻപ് പലിശ നിരക്കിൽ മൂന്ന് തവണ കുറവ് വരുത്തുമെന്നാണ് അമെരിക്കയിലെ ഫെഡറൽ റിസർവ് ചെയർമാൻ ജെറോം പവൽ സൂചന നൽകിയത്. യൂറോപ്യൻ സെൻട്രൽ ബാങ്കും ജൂണിന് ശേഷം പലിശ കുറച്ചേക്കും. കഴിഞ്ഞ ദിവസം സ്വിറ്റ്സർലൻഡ് പലിശ നിരക്ക് കുറച്ചിരുന്നു. എന്നാൽ നാണയപ്പെരുപ്പം നിയന്ത്രിക്കാനുള്ള നടപടികളുടെ ഭാഗമായി ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായ ജപ്പാൻ പലിശ നേരിയ തോതിൽ വർധിപ്പിച്ചു.





പ്രമുഖ ആശുപത്രി ശൃംഖലയായ സൺറൈസ് ഗ്രൂപ്പിന്റെ പുതിയ ലോഗോ പ്രകാശനവും സൺ സ്കോളർ പദ്ധതിയുടെ ഉദ്ഘാടനവും സംബന്ധിച്ച് എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സൺറൈസ് ഗ്രൂപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ എസ്. സുരേഷ്കുമാർ തമ്പി വിശദീകരിക്കുന്നു. മറിയം ഹഫീസ്, കോശി കെ. അഞ്ചേരിൽ, എ. മുഹമ്മദ് റിയാസ്, അജേഷ് നമ്പ്യാർ തുടങ്ങിയവർ സമീപം

# സൺറൈസ് ഹോസ്പിറ്റൽ ഗ്രൂപ്പിന് പുതിയ ലോഗോ; പ്രകാശനം ഏപ്രിൽ ആറിന് മന്ത്രി പി രാജീവ് നിർവ്വഹിക്കും

**കൊച്ചി :** രാജ്യത്തെ ആതുര സേവന രംഗത്തെ പ്രമുഖ ആശുപത്രി ശൃംഖലയായ സൺറൈസ് ഗ്രൂപ്പിന് ഇനി പുതിയ ലോഗോ. ഈ മാസം ആറിന് ശനിയാഴിച്ച വൈകിട്ട് 7 ന് ആശുപത്രി അങ്കണത്തിൽ ചേരുന്ന യോഗത്തിൽ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പുതിയ ലോഗോയുടെ പ്രകാശനം നിർവ്വഹിക്കുമെന്ന് സൺറൈസ് ഗ്രൂപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ എസ്. സുരേഷ്കുമാർ തമ്പി, ജനറൽ മാനേജർ എ. മുഹമ്മദ് റിയാസ്, ബ്രാന്റ് മാനേജർ മറിയം ഹഫീസ്, ചീഫ് മാർക്കറ്റിംഗ് ഓഫിസർ അജേഷ് നമ്പ്യാർ , ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫിസർ കോശി കെ. അഞ്ചേരിൽ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

പ്ലസ്ടു കഴിഞ്ഞ് ഉപരിപഠനം തിരഞ്ഞെടുക്കുന്ന മികച്ച അഞ്ച് വിദ്യാർഥികൾക്ക് ഒരു ലക്ഷം വീതം സ്കോളർഷിപ്പ് നൽകുന്ന സൺ സ്കോളർ പദ്ധതിയുടെ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവ്വഹിക്കും. പി.വി ശ്രീനിജൻ എംഎൽഎ, തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള, വൈസ് ചെയർമാൻ പി എം യൂനസ്, സൺറൈസ് ഗ്രൂപ്പ് ഹോസ്പിറ്റൽസ് ചെയർമാൻ ഡോ.ഹഫീസ് റഹ്മാൻ, മാനേജിംഗ് ഡയറക്ടർ പർവീൺ ഹഫീസ് തുടങ്ങിയവർ പങ്കെടുക്കും.


നിരവധി അപൂർവ്വ ശസ്ത്രക്രിയകൾ നടത്തി ശ്രദ്ധ നേടിയിട്ടുള്ള ഡോ.ഹഫീസ് റഹ്മാൻ ചെയർമാനായ സൺറൈസ് ആശുപത്രി കൂടുതൽ ആധുനിക വൽക്കരണത്തിന്റെ പാതയിലാണ്. ഇതിനു മുന്നോടിയായിട്ടാണ് പുതിയ ലോഗോ രൂപ കൽപ്പന ചെയ്തിരിക്കുന്നത്. കെയർ ബിയോണ്ട് ക്യൂർ എന്നതാണ് ഗ്രൂപ്പിന്റെ പുതിയ ആപ്ത വാക്യം.

ആരോഗ്യ പരിപാലന രംഗത്തെ സേവനം കൂടുതൽ മികവുറ്റതാക്കി മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നതെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.

നിലവിൽ സൺറൈസ് ഗ്രൂപ്പിന് കീഴിൽ ആറ് ആശുപത്രികളാണുള്ളത് അടുത്ത മൂന്നു വർഷത്തിനുള്ളിൽ 25 ആശുപത്രികൾ കൂടി സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അധികൃതർ വ്യക്തമാക്കി.

സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിലാണ് പഠന രംഗത്ത് മികവ് തെളിയിച്ച പ്ലസ് ടു കഴിഞ്ഞ അഞ്ചു വിദ്യാർഥികൾക്ക് ഉപരിപഠനത്തിനായി ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നത്.

വരും വർഷങ്ങളിൽ കൂടുതൽ വിദ്യാർഥികൾക്ക് ധനസഹായം നൽകുമെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.



# ‘വിശുദ്ധിയിലേക്കുള്ള വഴി’ പ്രകാശനം ചെയ്തു

**കാക്കനാട്:** റവ. ഡോ. തോമസ് മാത്യു ആദോപ്പിള്ളിൽ രചിച്ച വിശുദ്ധിയിലേക്കുള്ള വഴി എന്ന പുസ്തകത്തിന്റെ പ്രകാശനം സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ കോട്ടയം അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ടിന് നൽകികൊണ്ട് നിർവഹിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടന്ന സീറോമലബാർസഭയിലെ ജുഡീഷ്യൽ വികാരിമാരുടെയും മേജർ ആർക്കിഎപ്പിസ്കോപ്പൽ ട്രൈബൂണലിലെ ജഡ്ജിമാരുടെയും നീതിസംരക്ഷകരുടെയും സംയുക്ത യോഗത്തിലാണ് പുസ്തകം പ്രകാശനം ചെയ്തത്. വിശുദ്ധരുടെ നാമകരണനടപടിക്രമങ്ങൾ വിവരിക്കുന്നതോടൊപ്പം സീറോമലബാർസഭയിലെ വിശുദ്ധർ, വാഴ്ത്തപ്പെട്ടവർ, ധന്യർ, ദൈവദാസർ എന്നിവരെപ്പറ്റിയുള്ള വിശദമായ പഠനമാണ് സീറോമലബാർസഭയുടെ പോസ്റ്റുലേറ്റർ ജനറലായ ഗ്രന്ഥകർത്താവ് പുസ്തകത്തിൽ വിവരിക്കുന്നത്. ഈ ഗ്രന്ഥം വിശ്വാസപരിശീലനരംഗത്ത് ഏറെ ഉപകാരപ്രദമാകുമെന്ന് മേജർ ആർച്ച്ബിഷപ് അഭിപ്രായപ്പെട്ടു. വിശുദ്ധി എന്നത് ഏതാനം വ്യക്തികൾക്ക് മാത്രം എത്തിച്ചേരാൻ സാധിക്കുന്ന ജീവിതാവസ്ഥയല്ലെന്നും എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരാണെന്നും ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് തന്റെ അനുഗ്രഹസന്ദേശത്തിൽ പറഞ്ഞു.

# വേദാന്ത ഓഹരി 52 ആഴ്ചയിലെ ഏറ്റവും ഉയർന്ന നിലയിൽ

**കൊച്ചി:** വേദാന്ത ലിമിറ്റഡിൻറെ ഓഹരികളിൽ കുതിപ്പ്. നിർദിഷ്ട വിഭജനം, ആഗോള ലോഹ വിലകളിലെ വർധന, കമ്പനിയിലെ ഡിലീവറേജിംഗ് നടപടികൾ എന്നിവയുടെ പശ്ചാത്തലത്തിൽ ഏപ്രിൽ രണ്ടിലെ വ്യാപാരത്തിൽ 52 ആഴ്ചയിലെ ഏറ്റവും ഉയർന്ന നിരക്കായ 301.95 രൂപയിലെത്തി. എൻഎസ്ഇയിൽ വേദാന്തയുടെ ഓഹരി 4.5 ശതമാനത്തിലധികം ഉയർന്ന് 300.85 രൂപയിലാണ് ക്ലോസ് ചെയ്തത്. മാർച്ച് 26 മുതൽ ഓഹരിയിൽ ഏകദേശം 10 ശതമാനം നേട്ടമാണ് കൈവരിച്ചത്.2024 മാർച്ച് വരെ വേദാന്ത ഏകദേശം 5 ബില്യൺ ഡോളർ വരുമാനം നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ അടുത്ത സാമ്പത്തിക വർഷം 6 ബില്യൺ ഡോളറിൻറെ വരുമാനമാണ് ലക്ഷ്യമിട്ടിട്ടുണ്ട്. മുന്നോട്ടുള്ള വർഷം ഇത് 77.5 ബില്യൺ ഡോളറായി ഉയർത്താനും പദ്ധതിയുണ്ട്.അതേസമയം അലുമിനിയം ഉൾപ്പെടെയുള്ള പ്രധാന ബിസിനസ്സുകളെ പ്രത്യേക ലിസ്റ്റ് ചെയ്ത കമ്പനികളാക്കി വിഭജിക്കാനും വിഭജിക്കപ്പെട്ട സ്ഥാപനങ്ങളിലുടനീളം കടം വകയിരുത്താനുമുള്ള ശ്രമത്തിലാണെന്ന് കമ്പനി വക്താവ് അറിയിച്ചു. 3 വർഷത്തിൽ കടം 3 ബില്യൺ ഡോളർ കുറയ്ക്കാൻ കമ്പനി നേരത്തെ പദ്ധതിയിട്ടിരുന്നു.

# സി എ ഫൗണ്ടേഷൻ കോച്ചിങ്ങ് ക്ലാസ്

**കൊച്ചി:** ഡിസംബറിൽ നടക്കാനിരിക്കുന്ന സി എ ഫൗണ്ടേഷൻ പരീക്ഷാ മുന്നൊരുക്കങ്ങൾക്കായി ഐ.സി എ ഐ എറണാകുളം ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ കോച്ചിങ്ങ് ക്ളാസുകൾ ഏപ്രിൽ 22ന് ദിവാൻസ് റോഡിലുള്ള ഐ സി എ ഐ ഭവനിൽ ആരംഭിക്കും. നാല് മാസം ദൈർഘ്യമുള്ള ക്ളാസുകൾ രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ആയിരിക്കും. ചാർട്ടേഡ് അക്കൗണ്ടന്റുമാരും, മറ്റു പ്രൊഫഷണലുകളും ക്ളാസെടുക്കും.

യോഗ്യത: പ്ലസ് ടു പാസായവരും / പ്ലസ് ടു പരീക്ഷ എഴുതിയിരിക്കുന്ന വിദ്യാർതഥികൾക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 8330885021 / 0484 2362027.



# സംഗീത ജിൻഡാൽ ഏഷ്യാ സൊസൈറ്റി ഇന്ത്യാ സെന്റർ ബോർഡ് അധ്യക്ഷ

**കൊച്ചി:** ഏഷ്യാ സൊസൈറ്റി ഇന്ത്യ സെൻറർ ബോർഡിൻറെ പുതിയ അധ്യക്ഷയായി സംഗീത ജിൻഡാലിനെ തിരഞ്ഞെടുത്തു. സംഗിത ജിൻഡാലിനെ ഏഷ്യാ സൊസൈറ്റി ഇന്ത്യ സെൻറർ ബോർഡിൻറെ അധ്യക്ഷയായി സ്വാഗതം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് സൊസൈറ്റി ഇന്ത്യ സെൻറർ സിഇഒ ഇനാക്ഷി സോബ്തി പറഞ്ഞു.ദക്ഷിണേഷ്യയിലെ തങ്ങളുടെ ദൗത്യത്തിന് അവർ വലിയ പിന്തുണയാണ് നൽകിയത്. ഇന്ത്യയിലെയും ദക്ഷിണേഷ്യയിലെയും സമകാലിക കലയെ പിന്തുണയ്ക്കുന്നതിനുള്ള അവരുടെ പ്രവർത്തനങ്ങൾ വലിയ മാറ്റം കൊണ്ടുവന്നു. ദക്ഷിണേഷ്യയിൽ ഏഷ്യാ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ അവരോടൊപ്പം പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്നും ഇനാക്ഷി സോബ്തി പറഞ്ഞു.

ആർട്ട് ഇന്ത്യ പ്രസിഡൻറും ജെഎസ്ഡബ്ല്യു ഗ്രൂപ്പ് കമ്പനികളുടെ സാമൂഹിക വികസന പദ്ധതികളുടെ ഉത്തരവാദിത്തം എറ്റെടുക്കുന്ന ജെഎസ്ഡബ്ല്യു ഫൗണ്ടേഷൻറെ ചെയർപേഴ്സണുമാണ് സംഗീത ജിൻഡാൽ. 20 വർഷമായി അവർ ജെഎസ്ഡബ്ല്യുവിന് നേതൃത്വം നൽകുന്നു.



# ‘ബ്ലൂ ജാവ’ പുതിയ ഇനം വാഴപ്പഴം വികസിപ്പിച്ചു

**കൊച്ചി:** വ്യത്യസ്തമായ രുചിയും നിറവുമുള്ള വാഴപ്പഴത്തിന്റെ തീർത്തും പുതിയ ആകർഷക ഇനമായ ബ്ലൂ ജാവ വികസിപ്പിച്ചെടുത്തിരിക്കുകയാണ് റൈസ് ആന്റ് ഷൈൻ ബയോടെക് പ്രൈവറ്റ് ലിമിറ്റഡ്. റൈസ് ആന്റ് ഷൈൻ ബയോടെക് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകയും സി എം ഡിയുമായ ഡോക്ടർ ഭാഗ്യശ്രീ പി പാട്ടീലിന്റെ സാന്നിദ്ധ്യത്തിൽ റൈസ് ആന്റ് ഷൈൻ ബയോടെക് പ്രൈവറ്റ് ലിമിറ്റഡ് ഫാം ഓപ്പറേഷൻ മാനേജർ അമീഡി പാട്ടീൽ, എഷിത ഡി മോഹിതേ പാട്ടീൽ, രാജലക്ഷ്മി ഡി പാട്ടീൽ എന്നിവരും സമീപ ഗ്രാമങ്ങളിലെ കർഷകരും ആദ്യ വിളവെടുപ്പിന് സാക്ഷ്യം വാഹിച്ചു.

റൈസ് ആന്റ് ഷൈൻ ബയോടെക് പ്രൈവറ്റ് ലിമിറ്റഡ് നൽകിയതും സോളാപ്പൂർ ജില്ലയിലെ കർമ്മല താലൂക്കിൽ താമസിക്കുന്ന എഞ്ചിനീയറും കർഷകനുമായ അഭിജിത്ത് പാട്ടീൽ തന്റെ രണ്ടേക്കർ വരുന്ന കൃഷിയിടത്തിൽ നട്ട് വളർത്തിയതുമായിരുന്നു ഈ ഇനം വാഴ. ചുവന്ന വാഴപ്പഴം, ഡ്രാഗൺ ഫ്രൂട്ട്, ആപ്പിളുകൾ തുടങ്ങിയ അനുപമമായ പഴവർഗ്ഗങ്ങൾ കൃഷി ചെയ്ത് വിളവെടുക്കുന്നതിൽ പ്രസിദ്ധനായ വ്യക്തിയാണ് അഭിജിത്ത് പാട്ടീൽ. അദ്ദേഹത്തോടൊപ്പം ചേർന്ന് മറ്റ് നിരവധി കർഷകരും വാഴയുടെ ഈ പുതിയ ഇനം ബ്ലൂ ജാവ വിജയകരമായി കൃഷി ചെയ്ത് അസാധാരണമായ വിള കൊയ്തെടുത്തിരിക്കുന്നു. പൂനെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കമ്പനി ഈ കർഷകർക്ക് സമഗ്രമായ മാർഗ്ഗനിർദ്ദേശം ലഭ്യമാക്കുകയും അതോടൊപ്പം വാഴ നടുന്നതു മുതൽ വിളവെടുക്കുന്നതു വരെ ഓരോ ഘട്ടത്തിലും സഹായിച്ചു കൊണ്ട് പരമാവധി ഫലം ഉറപ്പാക്കുവാൻ അവരെ സഹായിക്കുകയും ചെയ്തു.

ബ്ലൂ ജാവ വാഴപ്പഴം ഉയർന്ന തോതിൽ പോഷകാംശങ്ങൾ അടങ്ങിയതും പേശികളുടെ വീണ്ടെടുക്കൽ, രക്തത്തിൽ മിതമായ തോതിൽ പഞ്ചസാരയുടെ അളവ് നിലനിർത്തൽ, ശരീരഭാരം കുറയ്ക്കാൻ സഹായിക്കൽ, ഉറക്ക കുറവ് അല്ലെങ്കിൽ ഇൻസോമ്നിയ കുറയ്ക്കാൻ സഹായിക്കൽ, ദഹനത്തെ സഹായിക്കൽ, അർബുദം തടയൽ, ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കൽ എന്നിങ്ങനെ നിരവധി ആരോഗ്യ ഗുണങ്ങൾ ഉള്ളവയാണെന്ന് കമ്പനി അധികൃതർ പറഞ്ഞു.ദക്ഷിണ പൂർവ്വേഷ്യയാണ് ഈ ഇനത്തിൽപ്പെട്ട വാഴയുടെ ജന്മനാട്. വാനില ഐസ്ക്രീമിന് സമാനമായ രുചിയുള്ളതിനാൽ വാനില വാഴപ്പഴം എന്നും ഇത് അറിയപ്പെടുന്നു. വിപണിയിൽ ഏറെ ആവശ്യക്കാരുള്ള ബ്ലൂ ജാവ വാഴപ്പഴങ്ങൾ പ്രമുഖ നഗരങ്ങളിലും രാജ്യത്തെ പഞ്ചനക്ഷത്ര ഹോട്ടലുകളിലും മറ്റും ഉയർന്ന വില ഈടാക്കി കൊണ്ടാണ് വിറ്റുവരുന്നത്.

# ഇന്ത്യയിൽ വളർച്ചയ്ക്ക് ഡിജിറ്റൽ തന്ത്രങ്ങളുമായി സ്കോഡ

**മുംബൈ:** ഏറ്റവും പുതിയ കോംപാക്ട് എസ്‌യുവി പ്രഖ്യാപനത്തോടെ ഇന്ത്യയിൽ വളർച്ചയുടെ പുതിയ ഉയരങ്ങളിലേക്ക് കുതിക്കുന്ന സ്കോഡ ഓട്ടോ ഇന്ത്യ വളർച്ചയ്ക്ക് ഊർജം പകരാൻ ബഹുവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു.

ഉപഭോക്തൃ സേവനവും അനുഭവവും മെച്ചപ്പെടുത്താനും വിൽപ്പന വർധിപ്പിക്കാനും ആരാധകരെ കൂട്ടാനും കമ്പനി നടപ്പിലാക്കിയ 360 ഡിഗ്രിഡിജിറ്റൽ സംവിധാനങ്ങൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ രംഗത്തിനും പ്ലാറ്റ്ഫോമുകൾക്കുംമാധ്യമങ്ങൾക്കുമൊപ്പം ഉപഭോക്തൃ അനുഭവവും യാത്രയുംമെച്ചപ്പെടുത്തുന്നതിനുള്ള പുതിയ വഴികൾ കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനീബ പറഞ്ഞു.

# സൂപ്പർ ഹെവിഡ്യൂട്ടി എയർ കണ്ടീഷണറുകളുമായി ഹയർ ഇന്ത്യ

**കൊച്ചി:** ഹയർ അപ്ലയൻസസ് ഇന്ത്യ സൂപ്പർ ഹെവിഡ്യൂട്ടി എയർ കണ്ടീഷണറുകളുടെ ഏറ്റവും പുതിയ ശ്രേണി പുറത്തിറക്കി. ഹെക്സ ഇൻവെർട്ടറും സൂപ്പർസോണിക് കൂളിംഗ് സാങ്കേതിക വിദ്യയും അടങ്ങുന്ന പുതിയ ശ്രേണി 20 മടങ്ങു വേഗത്തിലുള്ള കൂളിംഗ് അനുഭവം നൽകാനും 65% ഊർജ്ജ ലാഭം സാധ്യമാക്കാനും സജ്ജീകരിച്ചിരിക്കുന്നുവെന്ന് ഹെയർ അപ്ലയൻസസ് ഇന്ത്യ പ്രസിഡന്റ് എൻ എസ് സതീഷ് പറഞ്ഞു.ഹെക്സ ഇൻവെർട്ടർ ടെക്നോളജി, 10 സെക്കൻഡിൽ സൂപ്പർ സോണിക് കൂളിംഗ്, ഫ്രോസ്റ്റ് ഫ്രീ സെല്ഫ് ക്ളീൻ ടെക്നോളജി, ഇന്റലി കൺവെർട്ടബിൾ 7 ഇൻ വൺ തുടങ്ങിയ നൂതന ഫീച്ചറുകളാൽ സമ്പന്നമായ പുതിയ ശ്രേണി, എസി ഇൻഡസ്ട്രിയിൽ ഉയർന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്നും എൻ എസ് സതീഷ് പറഞ്ഞു.

ഹയർ സൂപ്പർ ഹെവിഡ്യൂട്ടി എയർ കണ്ടീഷണറുകൾ ഇപ്പോൾ എല്ലാ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഓൺലൈൻ സ്റ്റോറുകളിലും 49,990 രൂപ പ്രാരംഭ വിലയിൽ ലഭ്യമാകും. ലോഞ്ച് ഓഫറിന്റെ ഭാഗമായി, കചഞ.15,990 വിലയുള്ള ഗ്യാസ് ചാർജിംഗ് ഉൾപ്പെടെ 5 വർഷത്തെ സമഗ്ര വാറന്റി കൂടാതെ 8,000 രൂപ വരെയുള്ള ക്യാഷ്ബാക്ക് ഓഫറുകൾ, 1500 രൂപയുടെ സൗജന്യ സ്റ്റാൻഡേർഡ് ഇൻസ്റ്റാളേഷൻ, 12 വർഷത്തേക്ക് കംപ്രസർ വാറന്റി എന്നിവയും ഹയർ നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# കേന്ദ്രീയ വിദ്യാലയം: പ്രവേശനം തുടങ്ങി

**ഇടുക്കി:** പൈനാവ് പി എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ ഒന്ന് മുതൽ ഒൻപത് വരെ ക്ലാസ്സുകളിലേക്കും ബാലവാടിക മുന്നിലേക്കും പ്രവേശനം തുടങ്ങി. താല്പര്യമുള്ളവർ വിദ്യാലയ ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് ഏപ്രിൽ 15 ന് വൈകിട്ട് 5 മണിക്ക് മുൻപായി ഓഫീസിൽ സമർപ്പിക്കണം. രണ്ട് മുതൽ ഒൻപതാം തരം വരെയുള്ള രജിസ്ട്രേഷൻ ഏപ്രിൽ 10 വൈകീട്ട് 5 മണി വരെ നടക്കും. ഒൻപതാം ക്ലാസ്സിൽ പ്രവേശന പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ഫോൺ : 04862 232205.

# അറിയിപ്പ്

**തൃശൂർ:** പോസ്റ്റ് ഓഫീസ് ആർ.ഡി ലഘു സമ്പാദ്യ പദ്ധതിയിൽ അംഗീകൃത ഏജന്റുമാർ മുഖേനയോ നിക്ഷേപകർ നേരിട്ടോ നിക്ഷേപം നടത്തണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടർ ഡയറക്ടർ അറിയിച്ചു. ഏജന്റിന്റെ കൈവശം തുക ഏൽപ്പിക്കുമ്പോൾ തുക നൽകിയ ഉടനെ ഇൻവെസ്റ്റേഴ്സ് കാർഡിൽ ഏജന്റിന്റെ കയ്യൊപ്പ് വാങ്ങണം. പാസ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് നിക്ഷേപകർ പരിശോധിച്ച് ഉറപ്പാക്കണം.






# ഫെവി ക്വിക്ക് നാല് ഉൽപന്നങ്ങൾ വിപണിയിലിറക്കി

**കൊച്ചി:** പശ നിർമ്മാണ രംഗത്തെ പ്രമുഖരായ ഫെവിക്വിക്ക് ഉപഭോക്താക്കൾക്കായി നാല് പുതിയ ഉൽപന്നങ്ങൾ പുറത്തിറക്കി. ഫെവികിക്ക് പ്രെസിഷൻ പ്രൊ, ഫെവികിക്ക് ജെൽ, ഫെവികിക്ക് അഡ്വാൻസ്ഡ്, ഫെവികിക്ക് ക്രാഫ്റ്റ് എന്നീ ഉൽപന്നങ്ങളാണ് പുറത്തിറക്കിയത്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഫെവികിക്ക് പശ നിർമ്മാണ രംഗത്തെ മുൻനിരക്കാരാണ്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഈ നാല് ഉൽപന്നങ്ങളും പുതിയ അനുഭവമാകുമെന്നും മികവുറ്റ പശ ഉറപ്പാക്കുന്നതിനോടൊപ്പം ഉപഭോക്താക്കളുടെ വേറിട്ട ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ അവരെ സഹായിക്കുക എന്നതുമാണ് ലക്ഷ്യമെന്നും ഫെവികിക്കിന്റെ മാതൃ സ്ഥാപനമായ പിഡിലൈറ്റ് ഇൻഡസ്ട്രീസ് മാനേജിങ്ങ് ഡയറക്ടർ സുധാൻഷു വാട്സ് പറഞ്ഞു.സൂക്ഷ്മമായ ആവശ്യങ്ങൾക്ക് യോജിച്ച തരത്തിലാണ് ഫെവികിക്ക് പ്രെസിഷൻ പ്രൊ തയ്യാറാക്കിയിരിക്കുന്നത്. പശ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന അബദ്ധങ്ങൾ പരിഹരിക്കാനുള്ള സമയം നൽകുന്നതാണ് ഫെവികിക്ക് ജെൽ, വാട്ടർ പ്രൂഫ് ഷോക്ക് പ്രൂഫ് സവിശേഷതകളുള്ളതാണ് ഫെവികിക്ക് അഡ്വാൻസ്ഡ്, കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് അനുയോജ്യമായാണ് ഫെവികിക്ക് ക്രാഫ്റ്റ് നിർമ്മിച്ചിരിക്കുന്നത്.ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കൂടുതൽ വിതരണ കേന്ദ്രങ്ങളും ഫെവികിക്ക് ഉറപ്പാക്കിയിട്ടുണ്ട്. ഉപഭോക്താക്കളുടെ ആവശ്യപ്രകാരം ഒന്നിൽ കൂടുതൽ തവണ ഉപയോഗിക്കാൻ കഴിയുന്ന പാക്കേജിങ്ങോടു കൂടിയാണ് പുതിയ ഉത്പന്നങ്ങൾ വിപണിയിലെത്തുക.

# വിഴിഞ്ഞത്ത് ക്രെയിനുകളുമായി മൂന്നു കപ്പലുകൾകൂടി എത്തും

**വിഴിഞ്ഞം:** അടുത്തമാസം മുതൽ ട്രയൽ റണ്ണിനു തുടക്കം കുറിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ക്രെയിനുകളുമായി ചൈനയിൽ നിന്നുള്ള മൂന്നു കപ്പലുകൾ കൂടി ഈ മാസമെത്തും.

ഒൻപതിന് ഷെൻഹുവ 16 ഉം, 17ന് ഷെൻഹുവ 35ഉം 23ന് ഷെൻഹുവ 34ഉം ചേർന്ന് ഒന്നാം ഘട്ടത്തിന് ഇനിയും അവശ്യംവേണ്ട ചെറുതും വലുതുമായ 17 ക്രെയിനുകളെത്തിക്കും. ആകെ വേണ്ട 32 എണ്ണത്തിൽ പതിനഞ്ച് ക്രെയിനുകൾ നേരത്തെ എത്തിച്ചിരുന്നു.



ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക് മേഖലയിലെ വിദഗ്ദ്ധനെ വിഴിഞ്ഞം അദാനി പോർട്ടിൻറെ തലപ്പത്തെത്തിച്ചാണ് ആദ്യഘട്ട ഉദ്ഘാടനത്തിനുള്ള കരുത്തറിയിച്ചത്. ഇതിനായി അമേരിക്കയടക്കമുള്ള രാജ്യങ്ങളിൽ ഷിപ്പിംഗ് മേഖലയിൽ പ്രവർത്തന പരിചയമുള്ള പ്രദീപ് ജയരാമനെ അദാനി ഗ്രൂപ്പിൻറെ മുന്ദ്രാ പോർട്ടിൻറെ ചുമതലയിൽനിന്നു മാറ്റി വിഴിഞ്ഞം തുറമുഖത്തിൻറെ തലപ്പത്തേക്ക് എത്തിച്ചു.

വിഴിഞ്ഞം തുറമുഖത്തിൻറെ സുഗമമായ പ്രവർത്തനത്തിനായി നിർമാണ കാലാവധി നീണ്ടത് സംബന്ധിച്ച് കേരള സർക്കാർ തുറമുഖ നിർമാണ കമ്പനിക്കെതിരെയും നിർമാണ സാമഗ്രികളെത്തിച്ച് നൽകുന്നതിൽ സർക്കാറിനുണ്ടായ വീഴ്ചക്കെതിരെ അദാനി ഗ്രൂപ്പും നൽകിയിരുന്ന ആർബിട്രേഷൻ നടപടികൾ ഒത്തുതീർത്തു. നിർമാണ പ്രവർത്തനങ്ങൾക്ക് വേഗത വർധിച്ചതായും ഈ രീതിയിൽ കാര്യങ്ങൾ മുമ്പോട്ട് പോയാൽ ഈ ഓണത്തിനുതന്നെ ആദ്യഘട്ട പ്രവർത്തനോദ്ഘാടനം നടത്താനാകുമെന്നു കരുതുന്നതായും സിഇഒ ആയി ചുമതലയേറ്റ പ്രദീപ് ജയരാമൻ പറഞ്ഞു.തുറമുഖത്തിൻറെ ട്രയൽ റൺ മേയ് അവസാനം നടത്താനാണ് തീരുമാനം. ബാർജിൽ 30 കണ്ടെയ്നറുകൾ എത്തിച്ചാകും ട്രയൽ റൺ നടത്തുക. ഇത് വിജയകരമായാൽ സെപ്റ്റംബറിൽ ആദ്യഘട്ട ഉദ്ഘാടനം നടത്തും.വിഴിഞ്ഞം രാജ്യാന്തര തുറമുഖം വാണിജ്യ അടിസ്ഥാനത്തിൽ ഡിസംബറിൽ പ്രവർത്തനമാരംഭിക്കുമെന്നാണ് നേരത്തെ പറഞ്ഞിരുന്നത്.

തുറമുഖത്തിൻറെ രണ്ടും മൂന്നും ഘട്ടങ്ങളുടെ നിർമാണ പ്രവർത്തനം 2028ൽ പൂർത്തിയാക്കാനാകുമെന്ന പ്രതീക്ഷയിലാണ് അധികൃതർ. ഇതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതിക്കായുള്ള അപേക്ഷ നൽകിയിട്ടുണ്ട്. രണ്ടും മൂന്നും ഘട്ട നിർമാണത്തിനായി പതിനായിരം കോടി രൂപയാണ് അദാനി ഗ്രൂപ്പ് വിനിയോഗിക്കുന്നത്.

തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റിയുടെ നടപടിക്രമങ്ങളും അന്തിമ ഘട്ടത്തിലാണെന്നും തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിനായി 34 സെൻറ് സ്ഥലം കൂടി ഏറ്റെടുക്കാനുണ്ടെന്നും ഇത് ഉടൻ പൂർത്തിയാകുമെന്നും സ്ഥാനമൊഴിഞ്ഞ സിഇഒ രാജേഷ് ഝാ പറഞ്ഞു.വിഴിഞ്ഞത്തുനിന്ന് പ്രവർത്തനം തുടങ്ങാൻ അഞ്ച് പ്രമുഖ രാജ്യാന്തര ഷിപ്പിംഗ് കമ്പനികൾ സന്നദ്ധത അറിയിച്ചതായും മറ്റുള്ളവരുമായുള്ള ചർച്ച അന്തിമഘട്ടത്തിലാണെന്നും അദാനി പോർട്ടധികൃതർ അറിയിച്ചു.

# രണ്ടു കോടി ഉപയോക്താക്കൾ; നേട്ടവുമായി ഡിജിറ്റൽ ഗോൾഡ് സേവിംഗ്സ് ആപ്പ് ജാർ

**കൊച്ചി:** ഡിജിറ്റൽ ഗോൾഡ് സേവിംഗ്സ് ആപ്പായ ജാർ രണ്ടു കോടി ഉപയോക്താക്കളെന്ന നേട്ടം കൈവരിച്ചു. 2021 ൽ നിശ്ചയ് എ.ജിയും മിസ്ബാബ് അഷ്റഫും ചേർന്ന് തുടക്കംകുറിച്ച ജാർ മികച്ച വെൽത്ത്ടെക് സ്റ്റാർട്ടപ്പ് വിഭാഗത്തിനുള്ള 2023ലെ ഗ്ലോബൽ ഫിൻടെക് അവാർഡ് നേടിയിട്ടുണ്ട്. കൂടാതെ രാജ്യത്തെ മികച്ച യുപിഐ ഓട്ടോപേ പ്രമുഖരിൽ ഒരാളായി മാറുകയും ചെയ്തു. 2023ലെ ഇന്ത്യയിലെ മികച്ച സ്റ്റാർട്ടപ്പുകളിൽ ഒന്നായി ലിങ്ക്ഡ് ഇൻ ജാറിനെ അംഗീകരിച്ചിട്ടുണ്ടെന്ന് കമ്പനി അധികതർ വ്യക്തമാക്കി. ഡിജിറ്റൽ ഗോൾഡ് മേഖലയിലെ മാർക്കറ്റ് ലീഡറായ ജാർ ഡിജിറ്റൽ സ്വർണ്ണത്തിൽ നിക്ഷേപിക്കാൻ സഹായിക്കുന്നു. ഉപഭോക്താക്കൾക്ക് 10 രൂപ മുതൽ സമ്പാദ്യം തുടങ്ങാം. ഈ പണം 24കാരറ്റ്, 99.9% ശുദ്ധമായ സ്വർണ്ണത്തിലാണ് നിക്ഷേപിക്കുന്നത്.സമ്പാദ്യ ശീലത്തിനോടുള്ള പുതിയ സമീപനം, ഉപയോക്തൃ സൗഹൃദ ഇന്റർഫേസ്, ലളിതമായ ഉപഭോക്തൃ ഫ്ളോ, ആധുനിക ഡിസൈൻ എന്നിവയാണ് ജാറിന്റെ 2 കോടി ഉപയോക്താക്കളെ സ്വാധീനിച്ചത്. ഡിജിറ്റൽ ഗോൾഡ് സ്പെയ്സിൽ ചുവടുറപ്പിച്ചതിന് ശേഷം, ഉപഭോക്താക്കളുടെ മറ്റുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പ, നിക്ഷേപം എന്നിവപോലെ അധികം പദ്ധതികളും ഉൾപ്പെടുത്തി ഓഫറുകൾ നൽകാനും ജാർ ആലോചിക്കുന്നുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ആമസോണിൽ ഹോം ഷോപ്പിംഗ് സ്പ്രീ

**കൊച്ചി:**ഹോം, കിച്ചൻ, ഔട്ട്ഡോർസ് വിഭാഗങ്ങളിൽ ഓഫറുമായി ആമസോണിൽ ഹോം ഷോപ്പിംഗ് സ്പ്രീ ആരംഭിച്ചു. ദി ബെറ്റർ ഹോം, ബെർഗനർ, കാൻഡെസ്, ബിഎസ്ബി ഹോം, അർബൻ കമ്പനി, റോയൽ എൻഫീൽഡ്, സോലിമൊ, അകാഗാർഡ്, തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള ഉത്പന്നങ്ങൾ ഷോപ്പിംഗ് സ്പ്രീയിൽ ലഭ്യമാണ്.വാട്ടർ പ്യൂരിഫയർ, കുക്ക്വെയർ സെറ്റ്, പ്രഷർ പാൻ, ആട്ടോമാറ്റിക് ഗ്യാസ് സ്റ്റൌവ് തുടങ്ങിയ കിച്ചൻ ഉത്പന്നങ്ങളും ആകർഷകമായ ഹോം ഡെക്കോർ ഉത്പന്നങ്ങളും ഷോപ്പിംഗ് സ്പ്രീയിൽ മികച്ച വിലയിൽ ലഭ്യമാണ്. കൂടാതെ ഹൈ പ്രഷർ വാഷർ, കാർ പെർഫ്യൂം, റോയൽ എൻഫീൽഡ് ഓപ്പൺ ഫേസ് എംഎൽജി ഹെൽമറ്റ് മേക്,ഗ്രാഫൈറ്റ് ബാഡ്മിന്റൺ റാക്കറ്റ് സൈക്കിൾ തുടങ്ങിയവയും മികച്ച വിലയിൽ ലഭ്യമാണ്. 7 ഏപ്രിൽ വരെയാണ് ഷോപ്പിംഗ് സ്പ്രീ.

# ചിന്നക്കനാൽ മേഖലയിൽ സ്പെഷൽ ആർആർടി യൂണിറ്റ്

**രാജകുമാരി:** മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്ന നടപടികളുടെ ഭാഗമായി ചിന്നക്കനാൽ മേഖലയിൽ സ്പെഷൽ ആർആർടി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ബോഡിമെട്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പി.ജി. സന്തോഷിനാണ് ചുമതല.

മുൻപ് ചിന്നക്കനാൽ സെക്ഷന് കീഴിൽ ഉണ്ടായിരുന്ന ആർആർടി യൂണിറ്റിൽ ബോഡിമെട്ട് സെക്ഷനിൽനിന്നുള്ള വാച്ചർമാരെയും ഉൾപ്പെടുത്തി യൂണിറ്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. നാല് സ്ഥിരം ജീവനക്കാരും 10 വാച്ചർമാരുമാണ് സ്പെഷൽ യൂണിറ്റിൽ ഉള്ളത്.ചിന്നക്കനാൽ വിലക്കിലെ പഴയ വനംവകുപ്പ് ഓഫീസാണ് യൂണിറ്റിൻറെ ക്യാമ്പ് ഓഫീസായി പ്രവർത്തിക്കുന്നത്. ഇനിമുതൽ മേഖലയിൽ കാട്ടാന സാന്നിധ്യമുള്ള സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി നാട്ടുകാരിലേക്ക് വിവരം കൈമാറുന്നത് ഈ യൂണിറ്റ് ആയിരിക്കും. ഇതിനായി ഡ്രോൺ ഉപയോഗിച്ചുള്ള പരിശോധന നടത്തും.ഒരു വാഹനം, ഡ്രോൺ, ലൈറ്റുകൾ എന്നിവ സ്പെഷൽ ആർആർടിക്ക് ഉണ്ടെങ്കിലും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാനുതകുന്ന അത്യാധുനിക ഉപകരണങ്ങൾ ഇല്ലാത്തത് തിരിച്ചടിയാണ്. ചിന്നക്കനാൽ മേഖലയിൽ ദിനംപ്രതിയെന്നോണം കാട്ടാനശല്യം രൂക്ഷമായിരിക്കുകയുമാണ്.

# തോൽവി ഇരന്ന് വാങ്ങി കൊമ്പന്മാർ

**കൊച്ചി :** പ്ലേ ഓഫ് ഉറപ്പിച്ചെങ്കിലും ഹോം ഗ്രൗണ്ടിൽ ഐഎസ്എൽ ഈ സീസണിലെ അവസാന മൽസരം വിജയത്തോടെ അവസാനിപ്പിക്കാൻ ഇറങ്ങിയ കേരളത്തിന്റെ കൊമ്പന്മാർ ഈസ്റ്റ് ബംഗാളിനോട് തോൽവി ഇരന്നു വാങ്ങി.പോയിന്റ് ടേബിളിൽ 11ാം സ്ഥാനത്തുണ്ടായിരുന്ന എഫ് സി ഈസ്റ്റുബംഗാൾ രണ്ടിനെതിരെ നാലു ഗോളുകൾക്കാണ് കേരള ബ്ലാസ്റ്റേഴ്സിനെ അവരുടെ സ്വന്തം കാണികൾക്കു മുന്നിൽ മുട്ടുകുത്തിച്ചത്

ആദ്യ പകുതിയുടെ ഇൻജുറി ടൈമിൽ ചുവപ്പ് കാർഡ് കണ്ട് മിഡ് ഫീൽഡർ ജീക്സൺ സിംഗും രണ്ടാം പകുതിയുടെ തുടക്കത്തിൽ പ്രതിരോധ നിര താരം നവോച്ച സിംഗും ചുവപ്പ് കാർഡ് കണ്ട് പുറത്തു പോയത് ബ്ലാസ്റ്റേഴ്സിനു കനത്ത തിരിച്ചടിയായി. മൽസരത്തിന്റെ തുടക്കത്തിൽ മഞ്ഞക്കാർഡ് കണ്ട ജീക്സൺ സിംഗ് രണ്ടമതും മഞ്ഞക്കാർഡ് കണ്ടതോടെയാണ് ചുവപ്പു കാർഡും കണ്ടത്. രണ്ടാം പകുതിയുടെ തുടക്കത്തിൽ ഇസ്റ്റ് ബംഗാൾ താരത്തിന്റെ ചാലഞ്ചിൽ പ്രകോപിതനായ നവോച്ച പ്രകോപിതനായി ഈസ്റ്റ് ബംഗാൾ താരത്തിന്റെ തലയിൽ സ്വന്തം തലകൊണ്ട് ഇടിച്ചതോടെയാണ് റഫറി ചുവപ്പ് കാർഡ് കാണിച്ച് നവോച്ചയെ പുറത്താക്കിയത്. ജീക്സൺ സിംഗ് പുറത്തായതോടെ 10 പേരായി ചുരങ്ങിയ ബ്ലാസ്റ്റേഴ്സ് നവോച്ച കൂടി പുറത്തുപോയതോടെ ഗോളിയടക്കം ഒമ്പതു പേരുമായിട്ടാണ് മൽസരം പൂർത്തിയാക്കിയത്.

ബ്ലാസ്റ്റേഴ്സിനായി ഫെദോർ ചെർണിച്ച് (23ാം മിനിട്ട് ) ഗോൾ നേടിയപ്പോൾ രണ്ടാം ഗോൾ ഈസ്റ്റ് ബംഗാൾ താരം ഹിജ്സായി മഹേറിന്റെ സെൽഫ് ഗോൾ വഴി (84) ആയിരുന്നു. ഈസ്റ്റ് ബംഗാളിനായി സൗൾ ക്രെസ്പോ (45പെനാൽറ്റി, 71 മിനിട്ടും) യും മഹേഷ് നവോറും (82,87) ഇരട്ട ഗോളുകൾ നേടി. തുടർച്ചയായി മൂന്ന് തോൽവികൾക്ക് ശേഷം കൊച്ചിയിൽ ബ്ലാസ്റ്റേഴ്സിനെ വീഴ്ത്തിയതോടെ ടേബിളിൽ ഏഴാം സ്ഥാനത്തേയ്ക്ക് ഉയർന്ന



ഈസ്റ്റ് ബംഗാൾ പ്ലേ ഓഫ് സാധ്യതകളും നില നിർത്തി. ആരാധകർക്ക് മുന്നിൽ തോറ്റെങ്കിലും പ്ലേ ഓഫിൽ കയറാനായതിന്റെ ആത്മവിശ്വാസത്തിൽ തന്നെയാണ് കൊമ്പന്മാർ തട്ടകത്തിൽ നിന്ന് വിടപറഞ്ഞത്. സസ്പെൻഷനിലായ മിലോസ് ഡ്രിൻസിച്ചിനെയും ഡനീഷ് ഫറൂഖിനെയും പുറത്തിരുത്തി ഡയസൂക്ക് സക്കായിയെയും ജീക്സൺ സിങ്ങിനെയും ആദ്യ ഇലവനിൽ ബ്ലാസ്റ്റേഴ്സ് ഇറക്കി. സ്ട്രൈക്കർമാരുടെ റോളിൽ ചെർണിച്ചും ദിമിത്രിയോസ് ഡയമന്റകോസും എത്തിയപ്പോൾ പ്രതിരോധനിരയിലെ ഏകവിദേശതാരമായി ക്യാപ്റ്റൻ ലെസ്കോവിച്ചിനെ നിലനിർത്തി. ഒരു സ്ട്രൈക്കറെ മാത്രം മുൻനിറുത്തി 4231 രീതയിലാണ് ഈസ്റ്റ് ബംഗാൾ ഇറങ്ങിയത്. മഹോഷ് നവോറൊ സിങ് ഏക മുന്നേറ്റ താരമായി നിന്നപ്പോൾ പിന്നിലായി ക്ലേറ്റൻ സിൽവ അടക്കമുള്ള താരങ്ങളെയും അണിനിരത്തിയാണ് ഈസ്റ്റ് ബംഗാൾ ഇറങ്ങിയത്. തോറ്റാൽ നിലനിൽപ്പ് തന്നെ അപകടത്തിലാകുമെന്ന തിരിച്ചറിവിൽ പൊരുതാനുറച്ച് തന്നെയാണ് ഈസ്റ്റ് ബംഗാൾ എഫ് സി ഇറങ്ങിയത്. കളിയുടെ മൂന്നാം മിനിട്ടിൽ തന്നെ ബ്ലാസ്റ്റേഴ്സ് ബോക്സിൽ അപകടം വിതയക്കാൻ അവർക്ക് സാധിച്ചു.ഇടതടവില്ലാതെ ഈസ്റ്റ് ബംഗാൾ ആക്രമണം അഴിച്ചുവിട്ടപ്പോൾ ബ്ലാസ്റ്റേഴ്സിന്റെ ചില നീക്കങ്ങൾ ഓഫ് സൈഡിലാണ് കലാശിച്ചത്. 23ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് മുന്നിലെത്തി മൈതാന മധ്യത്ത് നിന്ന് സ്വീകരിച്ച പന്തുമായി കുതിച്ച മലയാളിതാരം കെ പി രാഹുൽ നൽകിയ ത്രൂപാസ് ബംഗാൾ ഗോളി ഗില്ലിനെ കീഴ്പ്പെടുത്തി ഗോളാക്കി മാറ്റി ഫെദോർ ചെർണിച്ച് ബ്ലാസ്റ്റേഴ്സിനു ലീഡ് നൽകി(10). സമനില പിടിക്കാൻ ഈസ്റ്റ് ബംഗാൾ പ്രത്യാക്രമണം കടുപ്പിച്ചു.ഇടവേളയ്ക്ക് തൊട്ടുമുമ്പ് മത്സരത്തിലെ ഫൗളിന്റെ പേരിൽ രണ്ടാം മഞ്ഞ കാർഡുമേറ്റുവാങ്ങി മധ്യനിരയിലെ വിശ്വസ്തൻ ജീക്സൺ സിങ് കളംവിട്ടത് ബ്ലാസ്റ്റേഴ്സിന് കനത്ത തിരിച്ചടിയാണ് സമ്മാനിച്ചത്. ഇടവേളയ്ക്ക് പിരിയാൻ നിമിഷങ്ങൾ ബാക്കി നിൽക്കെ വീണുകിട്ടിയ പെനാൽറ്റി ലക്ഷ്യത്തിൽ എത്തിച്ച സൗൾ ക്രെസ്പോ ഈസ്റ്റ് ബംഗാളിനെ ഒപ്പമെത്തിച്ചു(11). മുന്നേറ്റനിരതാരം വിഷ്ണുവിനെ ഗോളി കരൺജിത്ത് ഫൗൾ ചെയ്തതിനാണ് റഫറി പെനാൽറ്റി വിധിച്ചത്. പത്തുപേരുമായി ചുരുങ്ങിയതോടെ ദിമിത്രിയോസ് ഡയമന്റകോസിനെ പിൻവലിച്ച് മുഹമ്മദ്ദ അസറിനെ മധ്യനിരയിൽ ഇറക്കിയാണ് ബ്ലാസ്റ്റേഴ്സ് രണ്ടാം പകുതിക്ക് ഇറങ്ങിയത്. സമനില പോലും പുറത്തേയ്ക്കുള്ള വഴി കാട്ടുമെന്ന് അറിയാവുന്ന ഈസ്റ്റ് ബംഗാൾ ആക്രമണ ഫുട്ബോളിന് തുടക്കമിട്ടതോടെ ബ്ലാസ്റ്റേഴസ് പ്രതിരോധം പാളി. ഇടതടവില്ലാതെ പ്രത്യാക്രമണങ്ങളിലൂടെ സന്ദർശകൾ തലവേദന സൃഷ്ടിച്ചുക്കൊണ്ടിരുന്നു. പേശിവലിവ് മൂലം ചെർണിച്ചിനെ കൂടി പരിശീലകൻ പിൻവലിച്ചതോടെ രണ്ട് വിദേശതാരങ്ങളുടെ സേവനം മാത്രമാണ് ബ്ലാസ്റ്റേഴ്സിന് രണ്ടാംപകുതിയിൽ ലഭിച്ചത്. ഇഷാൻപണ്ഡിത പകരക്കാരനായി എത്തിയതോടെ ബ്ലാസ്റ്റേഴ്സ് പതിയെ താളം വീണ്ടെടുത്തു. ഇതിനിടെ ഗോളി മാത്രം മുന്നിൽ നിൽക്കെ വീണുകിട്ടിയ സുവർണാവസരം ഡയസൂക്കെ സക്കായി പാഴാക്കുന്നതിനും ആരാധകർ സാക്ഷികളായി. തൊട്ടുപിന്നാലെ ഈസ്റ്റ് ബംഗാൾ ഒരു ഗോളിന്റെ ലീഡ് നേടി. ഗോൾ കീപ്പർ കരൺജിത് സിങ്ങിന് പറ്റിയ പിഴവിൽ നിന്നാണ് ബംഗാൾ മുന്നിലെത്തിയത്. സന്ദീപ് സിങ് പിന്നിലേയ്ക്ക് നൽകിയ പന്ത് സ്വീകിച്ച കരൺജിത് അലക്ഷ്യമായി ലെസ്കോവിച്ചിന് നീട്ടിയപ്പോൾ മറഞ്ഞിരുന്ന അപകടം കണ്ടില്ല. ലെസ്കോ ക്ലിയർ ചെയ്യും മുമ്പ് പന്ത് കാലിലൊതുക്കിയ സൗൾ ക്രെസ്പോ പിഴവുകൾക്ക് ഇടംനൽകാതെ പന്ത് വലയിലാക്കി.(21) പിന്നാലെ മത്സരത്തിലെ രണ്ടാം റെഡ്കാർഡും റെഫറിക്ക് പുറത്തേടുക്കേണ്ടി വന്നു. തലക്കൊണ്ട് ബംഗാൾ താരത്തിനെ ഇടിച്ചിട്ട നവോച്ച സിങ്ങിനാണ് പുറത്തേയ്ക്കുള്ള വഴി തെളിഞ്ഞത്. ഒമ്പത് പേരുമായി ചുരങ്ങിയ ബ്ലാസ്റ്റേഴ്സ് കൂടുതൽ ഗോളുകൾ വഴങ്ങാതെ രക്ഷപ്പെടാനുള്ള വഴികളാണ് തേടിയത്. എന്നാൽ 82ാം മിനിട്ടിൽ പ്രതിരോധം പാളി. പന്തുമായി ബോക്സിലേയ്ക്ക് പാഞ്ഞുകയറി ബംഗാൾ മുന്നേറ്റനിരതാരം മഹേഷ് എടുത്ത ഷോട്ട് കരൺജിത്തിനെയും മറികടന്ന് വല കുലുക്കി. (31) പന്ത് ക്ലിയർ ചെയ്യാൻ ഡയസൂക്ക് സക്കായി കിണഞ്ഞ് ശ്രമിച്ചെങ്കിലും ഫലം കണ്ടില്ല. ഒമ്പത് പേരിലേയ്ക്ക് ചുരങ്ങിയ ബ്ലാസ്റ്റേഴ്സിന് പിന്നീട് ഒന്നും ചെയ്യാനുണ്ടായിരുന്നില്ലാ എന്നതായിരുന്നു വാസ്തവം. ഇതിനിടെ ഹിജ്സി മെഹറിന്റെ സെൽഫ് ഗോളിൽ ലീഡ് നില ഒരു വേള ഒന്നായി കുറയ്ക്കാൻ ബ്ലാസ്റ്റേഴ്സിന് സാധിച്ചു.(32) പക്ഷെ മിനിട്ടുകൾക്കുള്ളിൽ മഹേഷ് തന്റെ ഗോൾ നേട്ടം രണ്ടാക്കി ഉയർത്തി ബംഗാളിന്റെ നാലാം ഗോളും കരസ്ഥമാക്കി. (42) ഇനി ഈ മാസം ആറിന് നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായിട്ടാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത കളി.

# ലഹരി ഉപയോഗം തടയാൻ നയരൂപീകരണം അനിവാര്യമെന്ന് ശ്യാം സുന്ദർ

**കൊച്ചി:** യുവാക്കൾക്കിടയിൽ ലഹരി ഉപയോഗം ഭയാനകമാം വിധം വർധിക്കുകയാണെന്ന് സിറ്റി പൊലീസ് കമ്മീഷണർ എസ് . ശ്യാംസുന്ദർ. കൊച്ചി സിറ്റിക്ക് കീഴിലെ 23 ലോ ആൻഡ് ഓർഡർ സ്റ്റേഷനുകളിൽ 60000 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 6000 കേസുകളും ലഹരി ഇടപാടുമായി ബന്ധപ്പെട്ടാണെന്ന് അദ്ദേഹം പറഞ്ഞു. ഇത് ഞെട്ടിക്കുന്ന സംഖ്യയാണെന്നും അദ്ദേഹം പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എൻടിപിഎസ് കേസുകളിൽ വില്പനക്കാരിലെ അവസാനകണ്ണിയിലേക്ക് എത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ലഹരിമരുന്നിന്റെ വിതരണ ശൃംഖല തകർക്കാനാണ് പൊലീസ് ശ്രമിക്കുന്നതെന്നും അദ്ദേഹം പവ്യക്തമാക്കി. ലഹരി ഉപയോക്താക്കളിൽ 97 ശതമാനം പേരും സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഐ.ടി പാർക്കുകളിലും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിലാണ് ലഹരി ഉപയോഗം കൂടുതൽ. സ്കൂൾ, കോളെജ് വിദ്യാർത്ഥികളിലും ലഹരി ഉപയോഗം വർധിക്കുകയാണ്. ലളിതമായ നയം മാറ്റത്തിലൂടെ ഇതിനു പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് കമ്മീഷണർ ചൂണ്ടിക്കാട്ടി. ജീവനക്കാർക്കിടയിൽ ലഹരി ഉപയോഗിച്ചിട്ടുണ്ടോ എന്നറിയാനുള്ള പരിശോധന നിർബന്ധമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ലഹരി ഉപയോഗിച്ചിട്ടുണ്ടെന്ന് തെളിഞ്ഞാൽ ജോലിയിൽ നിന്ന് പിരിച്ചുവിടണം. ലഹരി ഉപയോഗിക്കുന്ന ആളിലിന്റെ മുടിയിഴകൾ പരിശോധിച്ചാൽ മൂന്ന് മുതൽ നാല് മാസം വരെ ഉപയോഗം കണ്ടുപിടിക്കാൻ കഴിയും. ഇത്തരമൊരു നയം എല്ലാ ഐ ടി കമ്പനികളും സ്വകാര്യ സ്ഥാപനങ്ങളും നടപ്പാക്കിയാൽ വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും. മൂന്നോ നാലോ മാസം കൂടുമ്പോൾ ജീവനക്കാർക്കിടയിൽ ഇത്തരം പരിശോധന നടത്തണം. 30000 രൂപയ്ക്ക് ബംഗളൂരുവിൽ നിന്ന് ലഹരി വസ്തു വാങ്ങി ഇവിടെ വിറ്റഴിച്ചാൽ ഒന്നര ലക്ഷം രൂപയെങ്കിലും ലാഭം ലഭിക്കും. ഇതാണ് വിതരണക്കാരെ കൂടുതൽ ആകർഷിക്കുന്നത്. ആവശ്യകത വർധിക്കുന്നതിന് അനുസരിച്ച് വിലയും കൂടുമെന്നും ശ്യാം സുന്ദർ പറഞ്ഞു.




കെ എം എ പ്രസിഡന്റ് എ. ബാലകൃഷ്ണൻ, സീനിയർ വൈസ് പ്രസിഡന്റ് ബിബു പുന്നൂരാൻ എന്നിവർ പങ്കെടുത്തു.



# കൊച്ചി വാട്ടർ മെട്രോ ഒരു വർഷം പിന്നിടുന്നു ; യാത്ര ചെയതത് 18 ലക്ഷത്തിലധികം പേർ

**കൊച്ചി:** കൊച്ചി വാട്ടർ മെട്രോയ്ക്കിത് പിറന്നാൾ മാസമാണ്. ഏപ്രിൽ 25ന് കൊച്ചി വാട്ടർ മെട്രോ സർവ്വീസ് ആരംഭിച്ച് ഒരു വർഷം പൂർത്തിയാക്കും. 9 ബോട്ടുകളും രണ്ട് റൂട്ടുകളുമായി സർവ്വീസ് ആരംഭിച്ച വാട്ടർ മെട്രോ 11 മാസം പിന്നിടുമ്പോൾ 13 ബോട്ടുകളുമായി 5 റൂട്ടുകളിലേക്ക് വ്യാപിച്ചിരിക്കുന്നു. 11 മാസത്തിനകം 18,36,390 പേർ കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തു.

വിനോദസഞ്ചാരികളുടെ പറുദീസയായ ഫോർട്ട് കൊച്ചിയിലേക്കും കൊച്ചി വാട്ടർ മെട്രോയെത്താൻ ഇനി അധികം വൈകില്ല. ഇതിന് മുന്നോടിയായി നടപ്പാതകളും വഴിവിളക്കുകളുമുൾപ്പെടെ മാറ്റി സ്ഥാപിച്ച് കെഎംആർഎൽ ഫോർട്ട് കൊച്ചിയുടെ മുഖം മിനുക്കി. സുസ്ഥിര ജലഗതാഗത രംഗത്ത് ലോകത്തിന് മാതൃകയാകാൻ കൊച്ചി വാട്ടർ മെട്രോയ്ക്ക് സാധിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വാട്ടർ മെട്രോയ്ക്ക് സമാനമായ പദ്ധതികൾ ആലോചനയിലാണെന്നത് ഇതിന് തെളിവാണ്. സമാനതകളില്ലാത്ത, പുതിയ ആശയമായതിനാൽ തന്നെ ആദ്യ വർഷം കൊച്ചി വാട്ടർ മെട്രോയെ അടുത്തറിയാൻ കൊച്ചിയിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം സ്ഥിരം യാത്രകരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. എന്നാൽ വാട്ടർ മെട്രോയെ ദൈനംദിന യാത്രകൾക്കായി ഒപ്പം കൂട്ടുവാൻ ദ്വീപ് നിവാസികളെ പ്രേരിപ്പിക്കുന്നതിനാണ് കൊച്ചി വാട്ടർ മെട്രോ ഊന്നൽ നൽകുക. 20 മുതൽ 40 രൂപയാണ് ടിക്കറ്റ് നിരക്കെന്നിരിക്കെ വിവിധ യാത്രാപാസ്സുകൾ ഉപയോഗിച്ച് 10 രൂപ നിരക്കിൽ വരെ കൊച്ചി വാട്ടർ മെട്രോയിൽ സ്ഥിരം യാത്രികർക്ക് സഞ്ചരിക്കാം. സൗത്ത് ചിറ്റൂരിൽ നിന്ന് ബസ്സിൽ ഹൈക്കോർട്ടിലേക്കെത്താൻ 18 രൂപ വേണമെന്നിരിക്കെ കൊച്ചി വാട്ടർ മെട്രോയുടെ യാത്രാ പാസ് ഉപയോഗിച്ച് വെറും 10 രൂപയ്ക്ക് പൊതുജനങ്ങൾക്ക് ഇതേ ദൂരം യാത്ര ചെയ്യാം. പുതിയ റൂട്ടുകൾ ആരംഭിച്ചപ്പോഴും ബോട്ടുകളുടെ എണ്ണത്തിലെ പരിമിതികൾ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ പ്രധാന വെല്ലുവിളിയാണ്. സർവ്വീസുകളുടെ എണ്ണത്തിലെ പരിമിതികൾ സൌത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ റൂട്ടുകൾ സ്ഥിരം യാത്രികരെ ആകർഷിക്കുന്നതിനും വെല്ലുവിളിയാണ്. പുതിയ റൂട്ടുകൾക്കായി അവശേഷിക്കുന്ന ബോട്ടുകൾ കൊച്ചിൻ ഷിപ്പ് യാർഡ് എത്രയും വേഗം നൽകുമെന്നാണ് പ്രതീക്ഷ.

കുമ്പളം, പാലിയംതുരുത്ത്, വില്ലംഗ്ടൺ ഐലൻഡ്, കടമക്കുടി, മട്ടാഞ്ചേരി ടെർമിനലുകളുടെ നിർമ്മാണവും അതിവേഗം പുരോഗമിക്കുകയാണ്. വാട്ടർ മെട്രോ ടെർമിനലുകളിലേക്ക് എത്തുന്നതിനും അവിടെ നിന്ന് ലക്ഷ്യസ്ഥാനങ്ങളിലേക്ക് പോകുന്നതിനും സഹായകരമാകാൻ ഫസ്റ്റ് ആൻഡ് ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നിലവിലുള്ളതിലും മികച്ചതാക്കുവാനാണ് ശ്രമം. ഇതിനായി വിവിധ പദ്ധതികൾ പരിഗണനയിലാണ്. അതാത് മേഖലകളിലെ ടൂറിസം സാധ്യകൾ പരിഗണിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകേണ്ടതാണ്. ദ്വീപുനിവാസികൾക്ക് വരുമാനമാകുന്ന തരത്തിൽ ഫിഷിംഗ്, കലാപരിപാടികൾ, മറ്റ് ആക്റ്റിവിറ്റികൾ എന്നിവ ക്രമീകരിച്ച് വാട്ടർ മെട്രോയിൽ സഞ്ചാരികളെ ഹോപ്പ് ഓൺ ഹോപ്പ് ഓഫ് മാതൃകയിൽ ദ്വീപുകളിലേക്ക് എത്തിക്കുന്നതിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യും. കൂടുതൽ ബോട്ടുകൾ ലഭിക്കുന്നതനുസരിച്ച് ടൂറിസം സാധ്യതകൾ വിനിയോഗിച്ച് വിനോദസഞ്ചാരികൾക്കായി പ്രത്യേകം ട്രിപ്പുകൾ ക്രമീകരിക്കുന്നതും ആലോചനയിലാണ്.

# എച്ച് പി പുതിയ എൻവി എക്സ്360 14 ലാപ്ടോപ്പുകൾ പുറത്തിറക്കി



**കൊച്ചി:** നൂതന എ ഐ ഫീച്ചറുകളോട് കൂടിയ പുതിയ എൻവി എക്സ്360 14 ലാപ്ടോപ്പുകൾ ഇന്ത്യയിൽ അവതരിപ്പിച്ച് എച്ച് പി. 14 ഇഞ്ച് ഒ എൽ ഈ ഡി ടച്ച് ഡിസ്പ്ലേയോടെയാണ് വരുന്ന ലാപ്ടോപ്പുകൾ വെറും 1.4 കിലോഗ്രാം ഭാരമുള്ളതും പല രീതിയിൽ അനുയോജ്യമായി ക്രമീകരിക്കാൻ കഴിയുന്നതുമാണ്. ഐ മാക്സ് സർട്ടിഫൈഡ് ഡിസ്പ്ലേയോടെ വരുന്ന എക്സ്360 14 ലാപ്ടോപ്പിൽ ഇന്റൽണ്ണ കോർ അൾട്രാ പ്രോസസ്സറുകൾ, 14.75 മണിക്കൂർ വരെ നീണ്ടു നിൽക്കുന്ന ബാറ്ററി ലൈഫ് ഒപ്പം 65% ബാറ്ററി ഒപ്റ്റിമൈസേഷനെ സഹായിക്കുന്ന ന്യൂറൽ പ്രോസസ്സിംഗ് യൂണിറ്റും (എൻ പി യു), മികച്ച വീഡിയോ അനുഭവം, എ ഐ അടിസ്ഥാന സവിശേഷതകൾ, മികച്ച വീഡിയോ കോളുകൾ എന്നിവ നൽകുന്ന വിൻഡോസ് സ്റ്റുഡിയോ ഇഫക്റ്റുകൾ, എ ഐ കൊണ്ടുള്ള മെച്ചപ്പെടുത്തിയ സ്വകാര്യത ഫീച്ചറുകൾ അടങ്ങിയ പ്രെസെൻസ് സെൻസിംഗ് എന്നിവയുണ്ട്. പൂർണ്ണ അലുമിനിയം ഷാസിയിൽ വരുന്ന എൻവി എക്സ്360 14, അസിസ്റ്റഡ് സെർച്ച്, കണ്ടന്റ് ജനറേഷൻ പോലുള്ള വിവിധ ജനറേറ്റീവ് എ ഐ സവിശേഷതകൾക്കായി കീബോർഡിൽ മൈക്രോസോഫ്റ്റ് കോപൈലറ്റ് ബട്ടണുള്ള എച്ച് പിയുടെ ആദ്യത്തെ ലാപ്ടോപ്പാണ്. 55% വരെ റീസൈക്കിൾ ചെയ്ത ലോഹങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ എൻവി എക്സ്360 14 ലാപ്ടോപ്പുകൾ എച്ച്പി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മെറ്റിയർ സിൽവർ, അറ്റ്മോസ്ഫെറിക് ബ്ലൂ എന്നീ രണ്ട് നിറങ്ങളിൽ വരുന്ന എൻവി എക്സ്360 14 പ്രാരംഭ വിലയായ 99,999 രൂപയിൽ എച്ച്പി വേൾഡ് സ്റ്റോറുകളിലും എച്ച്പി ഓൺലൈൻ സ്റ്റോറുകളിലും ലഭ്യമാണ്. ഒപ്പം, ഉപഭോക്താക്കൾക്ക് സൗജന്യ ക്രിയേറ്റേഴ്സ് സ്ലിംഗ് ബാഗും ലഭിക്കും.




# ജനുവരിയിൽ 41.8 ലക്ഷം പുതിയ വരിക്കാരുമായി ജിയോ

**കൊച്ചി / ന്യൂഡൽഹി :** ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) തിങ്കളാഴ്ച പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം കമ്പനിയായ റിലയൻസ് ജിയോ 2024 ജനുവരിയിൽ 41.78 ലക്ഷം പുതിയ മൊബൈൽ വരിക്കാരെ നേടി. ജനുവരിയിലെ നേട്ടം രാജ്യത്തെ ജിയോ മൊബൈൽ ഉപയോക്താക്കളുടെ എണ്ണം 46.39 കോടിയായി ഉയർത്തി.

കേരളത്തിൽ 88000 ത്തിലധികം പുതിയ വരിക്കാരെയാണ് ജിയോ നേടിയതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.